# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.423** **9/02/2016-ൽ മറുപടിക്ക്**

**ഊർജ്ജ രംഗത്തെ സ്വയം പര്യാപ്തത.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഊർജ്ജ രംഗത്ത് സ്വയം പര്യാപ്തത നേടുന്നതിന് ഈ സർക്കാറിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>ഭരണാനുമതി ലഭിച്ച താപ വൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1. ചീമേനിയിൽ എൽ.എൻ.ജി ഉപയോഗിച്ചുള്ള പദ്ധതി.<br>2. ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതി<br><br>താപ വൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.<br><br>1. ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം എൽ.എൻ.ജി ഇന്ധനമായുള്ള 40 MW ജനറേറ്ററുകൾ |

(.....2)

സ്ഥാപിക്കുന്ന പദ്ധതിയ്ക്കുവേണ്ടി ലെറ്റർ ഓഫ് അവാർഡ് wartsila എന്ന കമ്പനിയ്ക്ക് നൽകിക്കഴിഞ്ഞു.

2. കായംകുളം നിലയം നാഫ്തയിൽ നിന്നും എൽ.എൻ.ജിയിലേക്ക് മാറ്റുന്ന പദ്ധതി

   കെ.എസ്.ഇ.ബി തത്ത്വത്തിൽ അംഗീകരിച്ച് ഗ്യാസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 1026 മെഗാവാട്ട് പദ്ധതിയുടെ ആദ്യഘട്ടമായി 400 മെഗാവാട്ടിനുള്ള വിശദമായ സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എൺവയോൺമെന്റൽ സ്റ്റഡിയ്ക്കു വേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസിന്റെ അംഗീകാരത്തിനു വേണ്ടി ഇംപാക്റ്റ് അസ്സെസ്സ്മെന്റ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്.

4. പെട്രോനെറ്റും കെ.എസ്.ഇ.ബി-യും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിയ്ക്കുവേണ്ടി വിശദമായ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

   ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ്, ഇറക്കുമതി ചെയ്യുന്ന വാതകത്തിന്റെ വിലയിലെ അസ്ഥിരത ഇവ കാരണം വാതകാധിഷ്ഠിത പദ്ധതികളെല്ലാം തന്നെ രാജ്യമൊട്ടാകെ സന്നിഗ്ധാവസ്ഥയിലാണ്.

5. കൽക്കരി ഇന്ധനമായുള്ള താപനിലയം ചീമേനിയിൽ സ്ഥാപിക്കാൻ മുമ്പുണ്ടായിരുന്ന തീരുമാനം പരിഗണനയിലാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിന് കൽക്കരിപ്പാടം അനുവദിച്ചുകിട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്.

6. കൊച്ചിയിൽ പെറ്റ്കോക്ക് ഇന്ധനമാക്കിക്കൊണ്ടുള്ള പദ്ധതിക്ക് FACT-ന്റെ കൈവശമുള്ള 150 ഏക്കർ സ്ഥലം സംസ്ഥാന സർക്കാരിന് തിരികെ നൽകുന്നതിന് പ്രാരംഭമായി FACT-ന്റെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീ ഹോൾഡ് നൽകിക്കൊണ്ട് 07.05.2015-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൊച്ചി റിഫൈനറിയുമായി പെറ്റ്കോക്കിന്റെ വിലയെ സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു.

7. പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്തിലെ 300 ഏക്കർ ചതുപ്പ് നിലങ്ങളിൽ NHPC നടപ്പിലാക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിക്കുവേണ്ടി 07.05.2014-ൽ കെ.എസ്.ഇബി-യും NHPC-യും ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. ഭൂവുടമകളും പഞ്ചായത്തും ചേർന്ന് രൂപീകരിച്ച കമ്പനിയുമായി 29.09.2015-ൽ പദ്ധതിയ്ക്ക് വേണ്ട സ്ഥലം പാട്ടത്തിന് എടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. കുറഞ്ഞ താരിഫിൽ പദ്ധതിയിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതിന് NHPC-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നവനവീകരണ ഊർജ്ജ സ്രോതസ്സുകളെ (New and renewable Energy Sources) പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

ഊർജ്ജരംഗത്ത് സ്വയം പര്യാപ്തത നേടുന്നതിന്റെ ഭാഗമായി വിവിധ കൺസ്യൂമർ തലങ്ങളിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള

പ്രവർത്തനങ്ങളിൽ KSEBL ഏർപ്പെട്ടു വരുന്നു. പ്രസരണ വിതരണ ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ വളരെ ശ്രദ്ധ ചെലുത്തുന്നു. ഐസ് പ്ലാന്റുകളിലും കാർഷിക മേഖലയിലും വലിയ തോതിൽ സംഭവിക്കുന്ന ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങളിലും ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കുന്നു.

കൂടാതെ കേരളത്തിന് പുറമെ നിന്ന് വൈദ്യുതി കൊണ്ടു വരുന്നതിനുള്ള പല ദീർഘ / മധ്യകാല കരാറുകളിലും ബോർഡ് ഏർപ്പെട്ടിട്ടുണ്ട്.

ഇതിനു പുറമെ സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി 2000 MW ശേഷിയുള്ള HVDC സബ്സ്റ്റേഷൻ തൃശ്ശൂർ മാടക്കത്തറയിൽ സ്ഥാപിക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ നടന്നു വരുന്നു. PGCIL ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| (ബി) | ഈ വർഷം സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തേണ്ട അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തേണ്ട അവസ്ഥ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) | പൂർത്തീകരിച്ച തീയതി | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 800 | 20.08.2015 | M/s. ബോഷ് |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 110 | 30.08.2015 | M/s. കെൽട്രോൺ |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 50 | 10.09.2015 | M/s. മില്ലേനിയം സിനർജി |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 15 | 21.01.2016 | സ്റ്റാർട്ട്-അപ് വഴിയുള്ള പദ്ധതികൾ (EOIP) |
| 5 | സോളാർ പാർക്ക് - സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | | 20.07 | 21.01.2016 | സ്റ്റാർട്ട്-അപ് വഴിയുള്ള പദ്ധതികൾ (EOIP) |
| | ആകെ | 1.156 | | | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) | 0.700 | 700 | നിർമ്മാണം അവസാനഘട്ടത്തിലാണ് | M/s. ജനസ് |
| 2 | പാലക്കാട് 5 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.047 | 182.8 | നിർമ്മാണം പുരോഗമിക്കുന്നു | M/s വോൾടെക്ക് |
| 3 | പാലക്കാട് 10 ആദിവാസി കോളനികൾ ഡി.ഡി.ജി | 0.0845 | 339.872 | നിർമ്മാണം ആരംഭിച്ചു | M/s സിൽക്ക് |
| 4 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | 831 | നിർമ്മാണം ആരംഭിച്ചു | M/s എ.ഐ.സി |
| 5 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 746 | നിർമ്മാണം ആരംഭിച്ചു | M/s ജാക്സൺ |
| 6 | പടിഞ്ഞാറത്തറ ഡാമിന്റെ മുകളിൽ | 0.400 | 432 | നിർമ്മാണം ആരംഭിച്ചു | M/s. കെൽട്രോൺ |
| | ആകെ | 3.4815 | | | |

## ടെൻഡർ ക്ഷണിച്ച്/വർക്ക് നൽകിയ സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 40 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ്. വർക്ക് ഓർഡർ നൽകും | M/s. റേഡിയന്റ് സോളാർ |
| 2 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | 819 | നിർമ്മാണം ആരംഭിച്ചു | M/s. ജാക്സൺ |
| 3 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | 414 | നിർമ്മാണം ആരംഭിച്ചു | M/s. ജാക്സൺ |
| 4 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | 1250 | വർക്ക് ഓർഡർ നൽകി. | M/s. ജാക്സൺ |
| 5 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 468 | വർക്ക് ഓർഡർ നൽകി. | M/s തവസു വെൻചേഴ്സ് പാർട്ണേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 6 | പൊന്നാനി, മലപ്പുറം | 0.50 | 312 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് വർക്ക് ഓർഡർ നൽകും | M/s. കെൽട്രോൺ |
| 7 | കൊട്ടിയം, കൊല്ലം | 0.60 | 375 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |

| | | | | | |
|---|---|---|---|---|---|
| 8 | പീരുമേട്, ഇടുക്കി | 0.50 | 318 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 9 | മാടക്കത്തറ & ചുളിശ്ശേരി, തൃശ്ശൂർ | 1.50 | 938 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 10 | ഏറ്റുമാനൂർ, കോട്ടയം | 1.00 | 691 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 11 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | 781 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 12 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 317 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 13 | മയിലാട്ടി, കാസർഗോഡ് | 1.00 | 625 | ടെൻഡർ ജോലികൾ അവസാനഘട്ടത്തിലാണ് | |
| 14 | ബാണാസുരസാഗർ റിസർവോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | 925 | നിർമ്മാണോത്ഘാടനം 21.01.2016 ൽ നടന്നു | M/s. ആഡ്- ടെക്ക് |
| 15 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 2710 | നിർമ്മാണം നടന്നു വരുന്നു | M/s. കെൽട്രോൺ |
| 16 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 807 | വർക്ക് ഓർഡർ നൽകി | M/s. എ.ഐ.സി. സോളാർ |
| | ആകെ | 15.4 | | | |

## ലക്ഷ്യം വയ്ക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | കമ്പമല എസ്റ്റേറ്റ് | 0.040 | 50 | ഫോറസ്റ്റിന്റെ അനുമതി ലഭിച്ചിട്ടില്ല | |
| 2 | കാസർഗോഡ് സോളാർ പാർക്ക്, ഗ്രിഡ് കണക്ടഡ് ഗ്രൗണ്ട് | 200.00 | | 487.71 ഏക്കർ സ്ഥലം 07.10.2015 ൽ എടുത്ത് ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിച്ചു. ഇതിൽ 500 കിലോ വാട്ടിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി | M / s സെക്കിയും കെ.എസ്.ഇ. ബി.എൽ ഉം സംയുക്തമായി |
| 3 | കൊച്ചി പോർട്ട് ട്രസ്റ്റിൽ കെ.എസ്.ഇ.ബി യുടെ സ്ഥലത്ത് | 5 | | | |
| 4 | ചതുരംഗപ്പാറയിൽ മൈക്രോ ഗ്രിഡ് പദ്ധതി | 5 | 9.5 | സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാരിന് പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട്. | |
| 5 | അഗളി മോഡൽ പദ്ധതികൾ | 2 | 24 കോടി | സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് ബോർഡിൽ പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട് | |
| 6 | പെരുംതേനരുവി കനാൽ ബാങ്ക്, കനാൽ റ്റോപ്പ് | 0.45 | | പദ്ധതിയുടെ ഡീറ്റേൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. | |
| 7 | കഞ്ചിക്കോട് സോളാർ (ഹൈബ്രിഡ് പാർക്ക്) | 2 | | 4.65 വിൻഡിന്റെ പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.. | |
| 8 | സോളാർ രാമക്കൽമേട് (ഹൈബ്രിഡ് പാർക്ക്) | 8 | | വിൻഡ് 5 മെഗാവാട്ടിന്റെ ടെൻഡർ നടപടികൾ നടന്നു വരുന്നു. | |
| | ആകെ | 222.49 | | | |

# കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി (ലക്ഷം) രൂപ | ഇപ്പോഴത്തെ നിലവാരം | കരാറുകാരൻ |
|---|---|---|---|---|---|
| 1 | പൂവാർ ഫിഷർമെൻ കോളനി മൈക്രോ വിൻഡ് | 1 | 6 കോടി | സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാരിന് പദ്ധതിയുടെ വിശദാംശം സമർപ്പിച്ചിട്ടുണ്ട് | |
| 2 | കഞ്ചിക്കോട് (ഹൈബ്രിഡ് പാർക്ക്)<br>1. വിൻഡ് (2.25 MW)<br>2. ഇന്റർ ക്രോപ്പിങ്ങ് വിൻഡ് ( 4.65 MW) | <br>2.25<br>4.65 | | 4.65 വിൻഡിന്റെ പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.. | |
| 3 | രാമക്കൽമേട് വിൻഡ് (12 MW) | | | വിൻഡ് 5 മെഗാവാട്ടിന്റെ ടെൻഡർ നടപടികൾ നടന്നു വരുന്നു. | |
| 4 | അഗളിയിൽ കാറ്റിൽ നിന്നുള്ള പദ്ധതി (82 മെഗാവാട്ട്) (NHPC) | 82 | | ഇതിൽ നല്ലസിംഗം, കോട്ടത്തറ എന്നിവിടങ്ങളിൽ 8 മെഗാവാട്ട് പദ്ധതി കെ.എസ്.ഇ.ബി.എൽ വഴി നടപ്പിലാക്കാനുള്ള നടപടികൾ നടന്നു വരുന്നു. | |
| 5 | കാറ്റിൽ നിന്നുള്ള പദ്ധതി കഞ്ചിക്കോട് കിൻഫ്രാ പാർക്ക് M/s. INOX ൽ നിന്നും സ്ഥലം തിരിച്ചെടുത്തു. | 22 | | നടപടികൾ ആരംഭിച്ചിട്ടുണ്ട്. | |
| | ആകെ | 123.9 | | | |

സെക്ഷൻ ഓഫീസർ

അനുബന്ധം II 423

# അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികൾ

1 10000 വീടുകളിൽ 1 കിലോ വാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി പ്രകാരം 8500 പ്ലാന്റുകൾ സ്ഥാപിക്കുകയും ഈ പദ്ധതിയിലൂടെ 8.5 മെഗാവാട്ട് അധിക സ്ഥാപിത ശേഷി കൈവരിക്കുകയും ദേശീയ അവാർഡ് നേടുകയുമുായി.

2. അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സോളാർ കണക്ട് ശൃംഖലാ ബന്ധിത പദ്ധതിയിൽ 2 കിലോ വാട്ട് മുതൽ 50 കിലോ വാട്ട് വരെ സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളിലൂടെ 15 മെഗാവാട്ട് മൊത്ത സ്ഥാപിത ശേഷിയാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഇതുവരെ 3.5 മെഗാവാട്ട് പവർപ്ലാന്റു കൾ സ്ഥാപിക്കാനുള്ള അന്തിമ അനുമതി അനെർട്ട് നൽകി കഴിഞ്ഞു.

3. മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിങ്ങാലക്കുട മുനിസിപാലിറ്റിയിൽ 25 കിലോ വാട്ട് സോളാർ പവർപ്ലാന്റ്, മണ്ണുത്തി പ ന്നിവളർത്തൽ കേന്ദ്രത്തിൽ 4 കിലോ വാട്ട് സോളാർ പവർപ്ലാന്റ് ചേർത്തല താലൂക്ക് ആശുപത്രിയിൽ 45 കിലോ വാട്ട് സോളാർ പവർപ്ലാന്റ് എന്നിവ സ്ഥാപിച്ച് കമ്മീഷൻ ചെയ്തു.

4. വിവിധ കെട്ടിടങ്ങളിലായി 363 കിലോവാട്ട് സോളാർ പവർ പ്ലാന്റു കൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ 323 കിലോവാട്ട് മൊത്തം ശേഷി യുള്ള സോളാർ പ്ലാന്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

5. ഗാർഹിക ആവശ്യത്തിനായി ഇതുവരെ 13571 എണ്ണം ബയോഗ്യാസ് പ്ലാന്റുകൾ കേരളത്തിലുടനീളം സ്ഥാപിച്ചു നൽകി.

6. 29803 മെച്ചപ്പെട്ട വിറകടുപ്പുകൾ സബ്സിഡിയോടുകൂടി നിർമ്മിച്ചു നൽകി.

7. ഗാർഹിക ആവശ്യത്തിനായി 15.73 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള 10427 എണ്ണം ETC (Evacuated Tube Collector) സോളാർ വാട്ടർ ഹീറ്ററുകളും 3255 എണ്ണം FPC (Flat Plate Collector) സോളാർ വാട്ടർ ഹീറ്ററുകളും സ്ഥാപിക്കാൻ കഴിഞ്ഞു.

8. കേരളത്തിലെ എല്ലാ ജില്ലകളിലുമായി 1417 എണ്ണം സോളാർ സ്ട്രീറ്റ്

ലൈറ്റുകൾ സ്ഥാപിച്ചു നൽകി.

9. സൗരോർജ്ജ റാന്തൽ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 73500 സി.എഫ്.എൽ സൗരോർജ്ജ റാന്തലുകളും 11300 എൽ.ഇ.ഡി സൗരോർജ്ജ റാന്തലുകളും കേരളത്തിലുടനീളം വിതരണം ചെയ്തു. 2014-15 വർഷത്തെ സൗരോർജ്ജ റാന്തൽ വിതരണം നടന്നു വരുന്നു. 2015-16 വർഷം 45,000 സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളായി വരുന്നു. കൂടാതെ 2011-12 വർഷത്തെ പദ്ധതി പ്രകാരം വൈദ്യുതീകരിക്കാത്ത വീടുകളിൽ വസിക്കുന്ന വിഭിന്ന ശേഷിയുള്ള 321 വ്യക്തികൾക്ക് സൗജന്യമായി സൗരോർജ്ജ റാന്തൽ നൽകി. 2015-16 വർഷം 45000 സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു.

10. അനെർട്ടിന് സ്വന്തമായി പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് ഇന്ററാക്ടീവ് സോളാർ പവർ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.യുമായി ധാരണാപത്രം ഒപ്പുവെയ്ക്കുകയുായി. ഇതിൻ പ്രകാരം ആദ്യ ഘട്ടമായി 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

---

| | | | |
|---|---|---|---|
| | | | പദ്ധതിക്ക് ഇന്നവേഷൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള 14.5 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) | പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയതിൽ ഇനി 20 കിലോ മീറ്റർ 11 കെ.വി. ലൈനും, 75 കിലോ മീറ്റർ എൽ.റ്റി. ലൈനും 15 ട്രാൻസ്ഫോർമറുകളും പൂർത്തീകരിക്കാനുണ്ട്. ഇതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബാണാസുര സാഗർ |